
# Athmaraksha.org

വിശുദ്ധരുടെ ജീവചരിത്രം

## വിശുദ്ധ പെരെഗ്രീൻ



ക്യാൻസർ രോഗികളായവർക്കുള്ള ആശ്വാസമാണ് വിശുദ്ധ പെരെഗ്രീൻ. രോഗം നമ്മുടെ ശരീരത്തെ കാർന്നു തിന്നുകയും മനസ്സിനെ മടുപ്പിക്കുകയും ചെയ്യുമ്പോൾ നാം നിസ്സഹായരാകുന്നു. ഈ മാരകരോഗം അനേകം ജീവിതങ്ങളെ ഭൂമിയിൽനിന്ന് കൊണ്ടുപോയി. ഉറ്റവരും ഉടയവരുമായവർ ക്യാൻസർ രോഗംമൂലം നഷ്ടപ്പെട്ടതിന്റെ നൊമ്പരം ഇന്നും പലരേയും വിട്ടുമാറിയിട്ടില്ല. കീമോതെറാപ്പിയുടെയും ശക്തികൂടിയ മരുന്നുകളുടേയും ഫലമായി പലരും അസ്ഥികൂടം കണക്കേ മെല്ലിച്ചുണങ്ങിയിരിക്കുന്നു. മൊളോക്കയിലെ ഫാദർ ഡാമിയൻ കുഷ്ഠരോഗികളുടെ മദ്ധ്യസ്ഥനായിരുന്നു. അക്കാലത്തെ പിടിച്ചുകുലുക്കിയ ഒരു മാരകരോഗമായിരുന്നു കുഷ്ഠരോഗം. ഇന്ന് അതിന്റെ ആക്രമണം അത്ര രൂക്ഷമല്ല. അന്നത്തെക്കാലത്ത് കുഷ്ഠരോഗം ബാധിച്ചവരെ സകലരും ഉപേക്ഷിക്കുകയാണുണ്ടായത്. അത്രമേൽ മാരകവും മരണകരവുമായിരുന്നു ആ രോഗം. അവർക്കുവേണ്ടി ഫാദർ ഡാമിയൻ തന്റെ ജീവിതം മാറ്റിവച്ചു. ഇന്ന് ക്യാൻസർ രോഗം പടർന്നുപിടിക്കുമ്പോൾ മനുഷ്യൻ വല്ലാതെ ഭയക്കുന്നു. അനേകരുടെ ജീവിതത്തെ ഇതിനോടകം ഈ രോഗം കീഴടക്കിക്കഴിഞ്ഞു. ക്യാൻസർ രോഗം ബാധിക്കുന്നവരെ പ്രത്യാശയെക്കാൾ ഇന്ന് കൂടുതലായി ബാധിക്കുന്നത് ഭയമാണ്.

ഒരു ക്യാൻസർ രോഗിക്ക് പ്രത്യേകമായി പ്രാർത്ഥിക്കാൻ സ്വർഗത്തിൽ ഒരു വിശുദ്ധനുള്ളത് എത്രയോ ആശ്വാസപ്രദമാണ്. പതിമൂന്നാം നൂറ്റാണ്ടാണ് കാലഘട്ടം. സമ്പത്തും സമൃദ്ധിയും ഉള്ളവരെയും ഇല്ലാത്തവരെയും വല്ലാതെ വേർതിരിച്ച കാലം. മാർപാപ്പയുടെ സ്ഥാനം ഒരു രാജാവിന്റേതുപോലായിരുന്നു. രാഷ്ട്രീയ ശക്തിയും പണവും സൗധങ്ങളും റോമിനെ ചൂഴ്ന്നിന്ന കാലം. മാർപാപ്പയുടെ സ്വത്തിലും അധികാരത്തിലും പ്രഭുക്കൻമാരുടെ കണ്ണുടക്കി. സമ്പന്നരുടെ ലഹളയും അമിത ഇടപെടലും ആത്മീയകേന്ദ്രങ്ങളുടെ അടിത്തറ ഇളക്കി. പരിശുദ്ധ സിംഹാസനം റോമിൽനിന്ന് ആദ്യം അസ്സീസിക്കടുത്ത് പെരുഷ്യയിലേക്കും പിന്നീട് ഫ്രാൻസിൽ അവിഞ്ഞോണിലേക്കും മാറ്റേണ്ടി വന്നു. നഗരങ്ങളെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കൊണ്ടും സമ്പന്നരെക്കൊണ്ടും നിറഞ്ഞു. എന്നാൽ ജീവിതത്തിൽ പണത്തിനും പ്രൗഡിക്കും പിന്നാലെയുള്ള അവരുടെ ഓട്ടം, അവരുടെ ജീവിതത്തെ അന്ധമാക്കി. അനുസരണവും ധാർമ്മികമൂല്യങ്ങളുമൊന്നും അവർക്ക് വിലയുള്ളതായിരുന്നില്ല. ഇതാണ്

ഇറ്റലിയുടെ പതിമൂന്നാം നൂറ്റാണ്ടിലെ ചരിത്രം. ഫോർളി നഗരത്തിലാണ് വിശുദ്ധന്റെ ജനനം. മാതാപിതാക്കൾ അവന് പെരഗ്രീൻ എന്ന് പേരിട്ടു. തീർത്ഥാടകൻ എന്നാണ് ഈ വാക്കിന്റെ അർത്ഥം.

1280കളിൽ പ്രഭുത്വത്തിന്റെയും ആഡംബരത്തിന്റെയും നിഴലിലായിരുന്ന പെരഗ്രീന്റെ വളർച്ച. പരിശുദ്ധ പിതാവ് മാർട്ടിൻ നാലാമന്റെ ദൗത്യം വളരെ വിഷമകരമായിരുന്നു. ഫോർളി രൂപതയെ ആത്മീയ നേതൃത്വത്തിൽനിന്ന് മാറ്റിനിറുത്തുവാൻ അദ്ദേഹം നിർബന്ധിതനായി. കാരണം മറ്റൊന്നുമായിരുന്നില്ല, അവിടുത്തെ ജനങ്ങൾ നല്ല വൈദികരെയും സന്യസ്തരെയും സ്വീകരിക്കാൻ തയ്യാറായിരുന്നില്ല. പ്രതിസന്ധികളുടേയും പ്രശ്നങ്ങളുടേയും കാലഘട്ടം. ഫോർളി രൂപതയിൽ കാര്യങ്ങൾ കൂടുതൽ വഷളായി. പ്രഭുക്കൻമാരും രാഷ്ട്രീയ അധികാരികളും തിരികെ യുദ്ധം ആരംഭിച്ചു. ജനങ്ങളുമായി സംവദിക്കുന്നതിനായി പരിശുദ്ധ പിതാവിന്റെ പ്രതിനിധിയായി ഫിലിപ് വെനിസിയെ അയച്ചു. വിശുദ്ധ ഫിലിപ് ഇവിടെയെത്തി ഹൃദയസ്പർശിയായ സമാധാനാഹ്വാനം നടത്തി. ഐക്യത്തിനും രമ്യതയ്ക്കും വേണ്ടി അദ്ദേഹം പ്രാർത്ഥിച്ചു. യുവജനങ്ങൾ അദ്ദേഹത്തെ കളിയാക്കുകയും അതികഠിനമായി അവഹേളിക്കുകയും ചെയ്തു. പ്രസംഗപീഠത്തിൽനിന്ന് അദ്ദേഹത്തെ വലിച്ചിറക്കി അവർ പീഡിപ്പിച്ചു. നഗരത്തിലൂടെ വലിച്ചിഴച്ച് തല്ലിച്ചതച്ചു. അവസാനം നഗരത്തിന് വെളിയിൽ ഉപേക്ഷിച്ചു. ഇത്തരം വേദനാജനകമായ ഒരു പ്രവൃത്തി ചെയ്ത യുവജനങ്ങളുടെകൂടെ പെരഗ്രീനുമുൺ◌ായിരുന്നു. ഫോർളി നഗരവും പെരഗ്രീന്റെ മാതാപിതാക്കളും പെരഗ്രീനും മാർപ്പാപ്പയ്ക്കെതിരായിരുന്നു. യുവത്വത്തിന്റെ തീക്ഷ്ണതയിൽ താൻ ചെയ്യുന്നതാണ് ശരിയെന്ന് വിശ്വസിച്ച് നടന്ന കാലം. വിശുദ്ധ ഫിലിപ്പിനെ ദ്രോഹിക്കുന്നതിൽ മുൻപിൽനിന്നതും പെരഗ്രീനായിരുന്നു. ഒരു കവിളത്ത് അടിക്കുന്നവർക്ക് മറ്റേകരണം കൂടി കാണിച്ചുകൊടുത്ത വിശുദ്ധ ഫിലിപ്പിന്റെ മുഖം പെരഗ്രീന്റെ മനസ്സിൽ മായാതെനിന്നു. അതൊരു തുടക്കമായിരുന്നു. പെരഗ്രീന്റെ കരങ്ങൾ ഫിലിപ്പിന്റെ നേരെ ഉയർന്നതാണതിനു ശേഷം വല്ലാത്തൊരു ഭാരം അവനെ പിടികൂടി. നഗരത്തിനു പുറത്താക്കിയ വിശുദ്ധ ഫിലിപ്പിന് പിന്നാലെ പെരഗ്രീൻ ഓടി. കാലിൽവീണ് മാപ്പുചോദിച്ചു.

ഫിലിപ്പിന്റെ സഹനശീലവും പ്രാർത്ഥനയും പെരഗ്രീനെ ആ നിമിഷം തന്നെ മാനസാന്തരത്തിലേക്ക് നയിച്ചു. തന്റെ മുഖത്തടിച്ചവൻ പിന്നാലെ വന്ന് ക്ഷമചോദിച്ചപ്പോൾ ഇരുകരങ്ങളും വിടർത്തി ഫിലിപ് അവനെ കെട്ടിപ്പിടിച്ചു. ആ നിമിഷം തന്നെ തന്റെ പൗരോഹിത്യ അധികാരം ഉപയോഗിച്ച് അവന് പാപക്ഷമ നൽകി. പെരഗ്രീന് താൻ പുതിയൊരു സൃഷ്ടിയാവുന്നതുപോലെ തോന്നി. ദൈവത്തിന്റെ കരസ്പർശം വിശുദ്ധ ഫിലിപ്പിലൂടെ അവനെ തഴുകി. പുതിയൊരു വ്യക്തിയായ പെരഗ്രീൻ പഴയ കൂട്ടുകാരോട് ഇടപഴകുവാൻ താല്പര്യപ്പെട്ടില്ല. പെരഗ്രീന്റെ ജീവിതത്തിൽ സമൂലമായ മാറ്റം ആരംഭിച്ചു. തന്റെ നഗരത്തിലെ മറ്റു യുവജനങ്ങളും പ്രഭുക്കൻമാരും ചെയ്തുകൂട്ടുന്ന പാപം അവനെ വേദനിപ്പിച്ചു. വിശുദ്ധ ഫിലിപ്പിനെ അവർ പീഡിപ്പിച്ചപ്പോൾ അദ്ദേഹം തന്നെ ദ്രോഹിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുകയായിരുന്നു. അത് പെരഗ്രീനിൽ വരുത്തിയ മാറ്റം തെല്ലൊന്നുമായിരുന്നില്ല. അടുത്ത ദിവസങ്ങളിൽ കത്തീഡ്രൽ ദൈവാലയത്തിൽ പെരഗ്രീൻ മണിക്കൂറുകളോളം പ്രാർത്ഥനയിൽ ചെലവഴിക്കുവാൻ തുടങ്ങി. മണിക്കൂറുകളോളം മുട്ടിൻമേൽ നിന്ന് പരിശുദ്ധ ദൈവമാതാവിന്റെ തിരുസ്വരൂപത്തിലേക്ക് അവൻ ഉറ്റുനോക്കി. പെരഗ്രീനിൽ ആത്മാവിന്റെ വലിയൊരു ചലനം ആരംഭിച്ചിരുന്നു. ഒരു ദിവസം ദൈവാലയത്തിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ പരിശുദ്ധ ദൈവമാതാവ് അദ്ദേഹത്തിനു പ്രത്യക്ഷയായി. ദൈവഹിതം അറിയുന്നതിനായി പെരഗ്രീൻ പ്രാർത്ഥനയിലായിരുന്നു. പാപങ്ങൾക്ക് പരിഹാരം ചെയ്യുന്നതിനും യേശുവുമായി ആഴമായ ബന്ധത്തിലേക്ക് കടന്നു വരുന്നതിനുമുള്ള വഴികളെക്കുറിച്ച് അമ്മ അദ്ദേഹത്തോട് സംസാരിച്ചു. പരിശുദ്ധ അമ്മയുടെ മഹനീയ സൗന്ദര്യത്തെക്കുറിച്ചും സ്നേഹത്തെക്കുറിച്ചും പെരഗ്രീൻ പിന്നീട് വർണിക്കുന്നുണ്ട്. ചെറുപ്പംമുതൽ പരിശുദ്ധ അമ്മയെ മനസ്സിലാക്കുവാനും അമ്മയുടെ മദ്ധ്യസ്ഥം തേടുവാനും ഭാഗ്യം ലഭിച്ചതാണ് എന്റെ ജീവിത വിജയത്തിന്റെ രഹസ്യം. അമ്മയുടെ മാദ്ധ്യസ്ഥശക്തി എന്നെ സകലപ്രതിസന്ധികളിലും പ്രലോഭനങ്ങളിലും നിന്ന് കാത്തുസംരക്ഷിച്ചു. അമ്മയുമായി സംവദിക്കുന്നതിനുവേണ്ടി ഞാൻ എന്നെത്തന്നെ നിർമ്മലനാക്കുവാൻ ശ്രദ്ധിച്ചു.

വിശുദ്ധിയും ജ്ഞാനവും ദിവ്യനാഥന്റെ പക്കൽ നിന്ന് പരിശുദ്ധ അമ്മ എനിക്ക് വാങ്ങിത്തന്നു. ഒരിടത്തും ഞാൻ തനിച്ചായതായി എനിക്ക് തോന്നിയിട്ടില്ല. രോഗത്തിലും വേദനയിലും ഒറ്റപ്പെടലിലും പരിശുദ്ധ ദൈവമാതാവ് എന്റെ അരികിലുണ്ടായിരുന്നു. എന്റെ ഏറ്റവും വലിയ നേട്ടമായിരുന്നു പരിശുദ്ധ അമ്മ. തന്റെ മക്കളായി സ്വീകരിക്കുന്നവരെ ഒരു നാളും പരിശുദ്ധ ദൈവമാതാവ് ഉപേക്ഷിക്കുന്നില്ല. എന്താണ് ചെയ്യേണ്ടത്, എങ്ങനെയാണ് പ്രവർത്തിക്കേണ്ടത് എന്നറിയാതെ കുഴങ്ങിയ പെരഗ്രീന്റെ ഏക സഹായം ദൈവമാതാവായിരുന്നു. ഇത്രമേൽ പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന ഒരു നഗരത്തിൽ വിശ്വാസം കാത്തുസൂക്ഷിക്കുക തികച്ചും ദുഷ്കരമായിരുന്നു. സിയന്നായിലേക്ക് പോകുന്നതിനായി ദൈവമാതാവ് അദ്ദേഹത്തിന് ഒരു മാലാഖയുടെ സഹായം ഏർപ്പെടുത്തി. വീട്ടിലെ കാര്യങ്ങളെല്ലാം ക്രമീകരിച്ചതിനുശേഷം പെരഗ്രീൻ സിയന്നയിലേക്ക് യാത്രയായി. ദൈവമാതാവിന്റെ കരംപിടിച്ചുകൊണ്ടായിരുന്നു ആ യാത്ര. വരുംനാളുകളിലെ ആത്മാവിന്റെ ഇരുണ്ട രാത്രികളെ പ്രകാശിപ്പിക്കുന്ന ഉഷകാല നക്ഷത്രമായി പരിശുദ്ധ അമ്മ പെരഗ്രീന്റെ കൂടെ നിന്നു. ആത്മീയതയുടേയും വിശുദ്ധരുടേയും നാടായിരുന്നു സിയന്ന. അത്ഭുതങ്ങളുടേയും അത്ഭുതപ്രവർത്തകരുടേയും നാട്. ദൈവമാതാവിന്റെ മാദ്ധ്യസ്ഥത്തിലൂടെ നേടിയെടുത്ത പുതിയ മേച്ചിൽപ്പുറമായിരുന്നു അത്. ദൈവികപദ്ധതിയുടെ ഭാഗമായി വിശ്വാസജീവിതത്തിൽ ഇരുട്ടിലായിരുന്നവരുടെ ഇടയിൽനിന്ന് പ്രകാശം വമിക്കുന്ന സിയന്നയുടെ മലനിരകളിലേക്കുള്ള യാത്ര. ഇവിടെയെത്തി അദ്ദേഹം സന്ധിച്ചത് മറിയത്തിന്റെ സുഹൃത്തുക്കളുടെ സന്യാസസമൂഹത്തിലാണ്. സെർവൈറ്റ്സ് എന്നറിയപ്പെട്ടിരുന്ന സന്യാസസഭയുടെ വാതിലിൽ മുട്ടിയ പെരഗ്രീനെ വാതിൽക്കാവൽക്കാരൻ സുപ്പീരിയറുടെ അടുക്കലെത്തിച്ചു. സുപ്പീരിയറുടെ മുഖത്തേക്ക് നോക്കിയ പെരഗ്രീൻ ഞെട്ടിപ്പോയി. താൻ മുൻപ് മർദ്ദിച്ചവശനാക്കിയ വിശുദ്ധ ഫിലിപ് വെനിസ്സി. അദ്ദേഹം സന്തോഷത്തോടെ പെരഗ്രീനെ തന്റെ സന്യാസസഭയിൽ അംഗമായിച്ചേർത്തു.

തന്നെ മർദ്ദിച്ചവശനാക്കിയ ഒരു വ്യക്തിയെ തന്റെ അധികാരത്തിൻ കീഴുള്ള ഭവനത്തിൽ സ്വീകരിച്ചുകൊണ്ട് ക്ഷമയുടെ ഉദാത്തമാതൃക കാട്ടിത്തരികയായിരുന്നു വിശുദ്ധ ഫിലിപ്. നഷ്ടപ്പെട്ടുപോയ ഒരു ആത്മാവിനെ കണ്ടെത്തിയ നിമിഷം പോലെയായിരുന്നു ആ മഹനീയ നിമിഷങ്ങൾ. ഗായകസംഘത്തിൽ സഹായിക്കുന്നതിനായി 1290കളിലാണ് ഈ സന്യാസസഭയുടെ അംഗമായി പെരഗ്രീൻ ചേരുന്നത്. ജീവിതത്തെ പെരഗ്രീൻ ഗൗരവമായി കണ്ടു. തീക്ഷ്ണതയുള്ളവനായിരുന്നു പെരഗ്രീൻ. പണ്ട് യുവത്വത്തിന്റെ തീക്ഷ്ണതയിൽ ചെയ്തുകൂട്ടിയതിന് പരിഹാരമായി അതിലേറെ തീക്ഷ്ണതയിൽ അവൻ ആത്മീയതയിൽ മുന്നേറി. താൻ വെറുത്തിരുന്ന സഭയെ ഗാഢമായി സ്നേഹിച്ചു തുടങ്ങി. ദൈവത്തെ തീക്ഷ്ണതയോടെ ആരാധിച്ചു. പാവങ്ങളോടും അനാഥരോടും കരുണ കാട്ടി. സഭയെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്തു. പൗലോസിനെപ്പോലെ നല്ല ഓട്ടം ഓടുന്നതിനുള്ള തീക്ഷ്ണതയിൽ സകലതും മറന്ന് പെരഗ്രീൻ ,വിശ്രമംപോലും ഉപേക്ഷിച്ചു. സന്യാസസഭാവസ്ത്രസ്വീകരണത്തോടുകൂടി മാതൃകാജീവിതത്തിന്റെ കിരണങ്ങൾ പെരഗ്രീനിൽ നിന്ന് പരന്നുതുടങ്ങി. അടുത്ത മുപ്പത് വർഷങ്ങൾ പ്രാർത്ഥനയിലും നിശ്ശബ്ദതയിലും പാപങ്ങളോർത്ത് മനസ്തപിച്ച് പുണ്യജീവിതത്തിൽ അദ്ദേഹം ഉത്തരോത്തരം വളർന്നു. ദൈവവുമൊത്ത് ചെലവഴിക്കുന്ന സമയങ്ങളെക്കാൾ വിലയുള്ളതായി മറ്റൊന്നും പെരഗ്രീന് ഉണ്ടായിരുന്നില്ല. വൈദികനായതിനുശേഷം സുപ്പീരിയർ അദ്ദേഹത്തെ ഫോർളിയിൽ ഒരു ഭവനം ആരംഭിക്കുന്നതിനായി തിരികെ അയച്ചു. ഉപദേശങ്ങളിലൂടെയും പ്രാർത്ഥനയിലൂടെയും ആത്മീയമായി തളർന്ന ഫോർളി ദ്രൂപതയുടെ, ദൈവവുമായുള്ള ബന്ധത്തിന് പെരഗ്രീൻ കരുത്തേകി. കൗൺസിലിങ്ങിനുള്ള അദ്ദേഹത്തിന്റെ വരം അപാരമായിരുന്നു.

അനേകരുടെ ജീവിതത്തെ കൗൺസിലിങ്ങിലൂടെ സ്വാധീനിക്കുവാൻ സാധിച്ചതിനാൽ ഉപദേശത്തിന്റെ മാലാഖ എന്നുപോലും അദ്ദേഹത്തെ ജനങ്ങൾ വിളിച്ചിരുന്നു. ആത്മാക്കളുടെ രക്ഷയ്ക്കും പാവപ്പെട്ടവരുടെ ഭൗതിക ഉന്നതിക്കും വേണ്ടി പെരഗ്രീൻ അക്ഷീണം പരിശ്രമിച്ചു. വിശുദ്ധ ബലിയുടെ ജീവിക്കുന്ന മനുഷ്യനായിരുന്നു ഫാദർ പെരഗ്രീൻ. ജീവന്റെ അപ്പം മുറിച്ച് നൽകുമ്പോൾ നിങ്ങൾ ഒരിക്കലും മരിക്കുകയില്ലെന്നുള്ള അദ്ദേഹത്തിന്റെ വാക്കുകൾ അനേകർക്ക് പ്രത്യാശ നൽകി. ലോകാവസാനംവരെ ഞാൻ നിങ്ങളോട് കൂടെയുണ്ടായിരിക്കും

എന്നരുളിച്ചെയ്തുകൊണ്ട് അവസാന അത്താഴമേശയ്ക്കരികിലിരിക്കുന്ന യേശുവിനെ പെരഗ്രീനിലൂടെ ജനം കണ്ടു. വിശ്വാസികളുടെ മുൻപിൽ യേശുവിനെ ജീവനോടെ അവതരിപ്പിക്കുന്നതിനുള്ള മാധ്യമമായിട്ടാണ് വിശുദ്ധ ബലിയെ അദ്ദേഹം കണ്ടത്. ഉത്ഥിതന്റെ സാന്നിധ്യം പെരഗ്രീന്റെ ബലികളിൽ നിറഞ്ഞു നിന്നു. തീക്ഷ്ണമതിയായ ഒരു ദൈവശുശ്രൂഷകനായിരുന്നു പെരഗ്രീൻ. തന്റെ ശരീരത്തിന്റെയും മനസിന്റെയും അവസാനശ്വാസംവരെ തന്നെ ഭരമേൽപിച്ച ആടുകൾക്കുവേണ്ടി അദ്ദേഹം ഉറച്ചുനിന്നു. സഭയ്ക്കെതിരായി മുൻപ് പ്രവർത്തിച്ചുകൊണ്ടിരുന്ന പെരഗ്രീൻ, സഭയ്ക്കുവേണ്ടി ശബ്ദിക്കുന്ന വ്യക്തിയായി. ഇക്കാലത്ത് ഇറ്റലിയിൽ വലിയൊരു പകർച്ചവ്യാധി പടർന്നുപിടിച്ചു. ഫോർളിയിലും പരിസരപ്രദേശങ്ങളിലും അതിന്റെ കെടുതികൾ ആഞ്ഞടിച്ചു. രോഗികളെ ശുശ്രൂഷിക്കുന്നതിലായിരുന്നു അദ്ദേഹത്തിന്റെ ശ്രദ്ധ. അറുപതുകാരനായ പെരഗ്രീൻ തന്റെ സർവ്വശക്തിയും സംഭരിച്ച് ജനങ്ങളുടെ കൗദാശികവും ശാരീരികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഓടി നടന്നു. പെരഗ്രീന്റെ വലതുകാലിൽ ക്യാൻസറിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. വേദനമൂലം നടക്കുവാൻ പോലും വയ്യാതായി. എന്നാൽ അത് പുറത്തുപോലും പറയാതെ അദ്ദേഹം രോഗികളെ പരിചരിക്കുന്നതിനും കൂദാശകൾ പരികർമ്മം ചെയ്യുന്നതിനുമായി തീക്ഷ്ണതയോടെ ഫോർളിയിൽ അങ്ങോളമിങ്ങോളം സഞ്ചരിച്ചു. ഡോക്ടറെ കാണിച്ചപ്പോഴേക്കും അവർക്ക് എന്തെങ്കിലും ചെയ്യാവുന്നതിന്റെ പരിധി വിട്ടിരുന്നു. ദൈവത്തോടുള്ള അനുസരണമായിരുന്നു അന്നുവരെ പെരഗ്രീനെ വഴി നടത്തിയത്. ദൈവത്തിനായി ജീവിതം സമർപ്പിക്കുവാൻ പെരഗ്രീന് യാതൊരു മടിയുമുണ്ടായിരുന്നില്ല. ബലഹീനമെങ്കിലും തന്റെ ജീവിതം പൂർണമായി അദ്ദേഹം ദൈവത്തിന് സമർപ്പിച്ചു. അന്ന് അവിടെ രോഗികളായിരുന്ന പലരെക്കാളും വേദനയും വിഷമവും അനുഭവിച്ചിട്ടും ഒരു ഇടയന്റെ തീക്ഷ്ണതയോടെ അദ്ദേഹം ജനങ്ങളുടെ ആത്മീയ വിശപ്പ് മാറ്റുന്നതിനും കൂദാശകൾ പരികർമ്മം ചെയ്യുന്നതിനും തയ്യാറായി. പൂർണസമർപ്പണം സ്വീകരിക്കുവാൻ ദൈവം കാത്തിരിക്കുകയായിരുന്നു. ദൈവകരങ്ങളിലുള്ള ജീവന്റെ സമർപ്പണം.

സ്നേഹിതനുവേണ്ടി ജീവൻ ബലിയർപ്പിക്കുന്നതിനെക്കാൾ വലിയ സമർപ്പണമില്ലല്ലോ. പ്രാർത്ഥനയോടെ ചികിത്സയ്ക്കായി ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യപ്പെട്ട പെരഗ്രീൻ അതികഠിനമായ വേദനയാൽ വിഷമിക്കുകയായിരുന്നു. വ്രണം ബാധിച്ച ശരീരവും വിശ്വാസികൾക്കായി ഉരുകിത്തീർന്ന മനസ്സുമായിട്ടാണ് പെരഗ്രീൻ ഈ ലോകത്തിൽനിന്ന് യാത്രയാകുവാൻ തയ്യാറായത്. ഓപ്പറേഷൻ നടത്തേണ്ട ദിവസത്തിന്റെ തലേന്ന് രാത്രിയിൽ അദ്ദേഹം സന്യാസഭവനത്തിലെ പ്രാർത്ഥനാ മുറിയിലെത്തി. ക്രൂശിതരൂപത്തിന് മുൻപിൽ പ്രാർത്ഥിച്ചുകൊണ്ട് നിൽക്കുമ്പോൾ അത്ഭുതകരമായൊരു നിദ്ര അദ്ദേഹത്തെ ബാധിച്ചു. കർത്താവിനെ പെരഗ്രീൻ ഒരു ദർശനത്തിൽ കണ്ടു. കുരിശിൽനിന്ന് തന്റെ ആണിപ്പഴുതാർന്ന കരങ്ങൾ നീട്ടി യേശു പെരഗ്രീന്റെ രോഗാതുരമായ കാലിനെ സ്പർശിച്ചു. അവിടുത്തെ സൗഖ്യദായകമായ കരങ്ങൾ.അടുത്തദിവസം ഉറക്കമുണർന്ന പെരഗ്രീന്റെ കാലിലെ ക്യാൻസർ രോഗം പൂർണമായി സുഖപ്പെട്ടിരുന്നു. കാലിന് വേദനയുണ്ടായിരുന്നില്ല, നടക്കുവാൻ വിഷമവുമുണ്ടായിരുന്നില്ല. ഓപ്പറേഷന്റെ ആവശ്യമുണ്ടായില്ല. ഡോക്ടർമാരുടെ സാക്ഷ്യപ്രകാരം തലേദിവസം ഓപ്പറേഷൻ നിശ്ചയിച്ച വ്യക്തിയുടെ കാലിൽ ക്യാൻസറിന്റെ രോഗലക്ഷണങ്ങൾ പോലും ഉണ്ടായിരുന്നില്ല. അത്ഭുതത്തിന്റെ കഥ നാടുമുഴുവൻ പരന്നു. ഒരു രാത്രികൊണ്ട് തങ്ങളുടെ ഇടയൻ സൗഖ്യമായതിനെക്കുറിച്ച് അത്ഭുതം എന്നല്ലാതെ മറ്റൊന്നും വിശ്വാസികൾക്ക് പറയുവാനുണ്ടായിരുന്നില്ല. പിന്നീട് ഇരുപത് വർഷങ്ങൾക്കൂടി പെരഗ്രീൻ ആരോഗ്യവാനായി ജീവിച്ചു. ജനങ്ങളുടെ ആത്മീയവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റി അദ്ദേഹരം വീണ്ടും ജീവിതത്തിലേക്ക് കടന്നുവന്നു. അനേകർക്ക് ശാരീരിക രോഗസൗഖ്യവും മാനസികസന്തോഷവും ആത്മീയമോചനവും നൽകി. മരണത്തിന് മുൻപേ അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിലൂടെ അത്ഭുതങ്ങൾ സംഭവിച്ചുതുടങ്ങി. അതിൽ അനേകം പേർ ക്യാൻസർ രോഗം ബാധിച്ചവരായിരുന്നു. ശരീരത്തിന് ബാധിച്ചിരുന്ന ക്യാൻസർ മാത്രമല്ല, ആത്മാവിന് ബാധിച്ച പാപത്തിന്റെ ക്യാൻസർ കൂടി കുമ്പസാരത്തിലൂടെ മോചിക്കുവാനും സുഖപ്പെടുത്തുവാനും അദ്ദേഹം സദാ സന്നദ്ധനായിരുന്നു.

കുമ്പസാരത്തിന്റെ സമയത്ത് ആത്മീയ സൗഖ്യവും ശാരീരിക രോഗസൗഖ്യവും സംഭവിച്ചു.

അത്ഭുതകരമായ രോഗസൗഖ്യത്തിന് ശേഷം ദൈവം ദാനമായി തന്ന ഓരോ നിമിഷവും അവിടുത്തേക്കുവേണ്ടി വ്യയം ചെയ്യാനുള്ള ആഗ്രഹമായിരുന്നു പെരഗ്രിന്റെ മനസ്സിൽ. അദ്ദേഹത്തിന്റെ ജീവിതത്തിലെ സുവർണകാലഘട്ടം എന്നുവേണമെങ്കിൽ നമുക്കതിനെ വിശേഷിപ്പിക്കാം. മരണസമയത്ത് പെരഗ്രിന് എൺപത് വയസ്സായിരുന്നു. അദ്ദേഹത്തിന്റെ ആത്മാവിനെ സ്വർഗത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുവാൻ സ്വർഗീയവൃന്ദങ്ങളോടൊപ്പം പരിശുദ്ധ ദൈവമാതാവും ആഗതയായി. 1345 മെയ് മാസം ഒന്നാം തിയതി, മരണസമയത്ത് ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ, എന്ന് ആരോട് അദ്ദേഹം പ്രാർത്ഥിച്ചോ, ആ സ്നേഹമുള്ള അമ്മ മകനെ കൂട്ടിക്കൊണ്ട് തിരുക്കുമാരന്റെ സവിധത്തിലേക്ക് പോകുവാൻ വന്നു. മാലാഖമാരുടെ സംഗീതം കേൾക്കുവാനും നിത്യനായവനെ ആരാധിക്കുവാനുമായി പെരഗ്രിന്റെ ആത്മാവ് സ്വർഗവാസികളോട് ചേർന്നു. അദ്ദേഹത്തിന്റെ ജീവിതം മുഴുവനും ഈ മഹനീയനിമിഷത്തിനായുള്ള ഒരുക്കമായിരുന്നു. വർഷങ്ങൾ നീണ്ട ഈ ലോകജീവിതം ഒരുക്കത്തിനായി സമർപ്പിക്കുവാൻ മാത്രം വിലയുള്ളതും ശ്രേഷ്ഠവുമാണ് നിത്യജീവനും അതിന്റെ ആനന്ദവും. ആ രാത്രിയിൽ തന്നെ അനേകർ പെരഗ്രിന്റെ ഭൗതികശരീരം കാണുവാനെത്തി. ശവസംസ്കാരശുശ്രൂഷയിൽ പങ്കെടുക്കുവാൻ അദ്ദേഹത്തിന്റെ സഹായം ലഭിച്ച സകലരുമെത്തി. അവരിൽ അധികം പേരും പാവപ്പെട്ടവരായിരുന്നു. സകലർക്കും പറയാനുള്ളത് ഒന്നുമാത്രമായിരുന്നു. വാക്കിലും പ്രവൃത്തിയിലും അദ്ദേഹം വിശുദ്ധ ജീവിതത്തിന്റെ മാതൃകയായിരുന്നു. പിന്നീട് അത്ഭുതങ്ങളുടെ ഘോഷയാത്രയായിരുന്നു. അനേകം രോഗികൾ പെരഗ്രിന്റെ മദ്ധ്യസ്ഥതയാൽ സുഖപ്പെട്ടു.

ദൈവാലയശുശ്രൂഷയ്ക്കിടയിൽ അദ്ദേഹത്തിന്റെ ഭൗതികശരീരത്തിൽ നിന്ന് അഭൗമികമായ സുഗന്ധം അവിടം മുഴുവൻ പരന്നു. മുൻമ്പനുഭവിച്ചിട്ടില്ലാത്തൊരു സുഗന്ധമായിരുന്നു അതെന്ന് പലരും സാക്ഷ്യപ്പെടുത്തി. സെർവൈറ്റ്സ് സന്യാസ സമൂഹത്തിലെ അംഗങ്ങൾ അദ്ദേഹത്തിന്റെ ശരീരം സംസ്കരിക്കുവാനൊരുക്കി. പക്ഷേ, കല്ലറയിൽ അടക്കാനായില്ല. കാരണം ശരീരത്തിൽനിന്ന് വലിയ സുഗന്ധം പുറപ്പെടുകയും, ശരീരം അഴുകുവാനുള്ള സാധ്യതകൾ അസ്തമിക്കുകയും ചെയ്തിരുന്നു. അവർ ഭൗതികശരീരം ദൈവമാതാവിന്റെ ദൈവാലയത്തിൽ സൂക്ഷിച്ചു. 1639 വരെ പെരഗ്രിന്റെ ഭൗതികശരീരം അവിടെയുണ്ടായിരുന്നു. വളരെ പ്രകടമായ മുന്നൂറോളം അത്ഭുതങ്ങൾ പെരഗ്രിന്റെ വിശുദ്ധപദപ്രഖ്യാപനത്തിന് മുൻപ് സംഭവിച്ചിട്ടുണ്ട്. പതിനാറാം നൂറ്റാണ്ടിൽ പീയൂസ് അഞ്ചാമൻ പാപ്പ പെരഗ്രിനെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്കുയർത്തി. അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിലൂടെ നടന്ന വലിയ അത്ഭുതങ്ങളെല്ലാം വിശ്വാസ തിരുസംഘം പഠനവിധേയമാക്കി. മാതൃകാപരമായ സന്യാസ ജീവിതത്തെയും അവർ വിലയിരുത്തി. 1609 ൽ പരിശുദ്ധ പിതാവ് പോൾ അഞ്ചാമൻ പാപ്പ പെരഗ്രിന്റെ പേര് റോമൻവിശുദ്ധരുടെ പട്ടികയിൽ എഴുതിച്ചേർത്തു. 1726 ഡിസംബർ മാസം ഇരുപത്തിയേഴാം തിയതി ഔദ്യോഗികമായി പെരഗ്രിൻ വിശുദ്ധരുടെ ഗണത്തിലേക്കുയർത്തപ്പെട്ടു. ബനഡിക്ട് പതിമൂന്നാമൻ പാപ്പയാണ് ഔദ്യോഗികപ്രഖ്യാപനം നടത്തിയത്. മരണത്തിന് മുന്നൂറ് വർഷങ്ങൾക്ക് ശേഷമാണിത്. ഭൗതികശരീരം പഠനവിധേയമാക്കിയപ്പോൾ അത് യാതൊരു കേടും കൂടാതിരിക്കുന്നത് ശ്രദ്ധയിൽ പെട്ടു. അദ്ദേഹത്തിന്റെ ഭൗതിക ശരീരം ഇന്നും വിശ്വാസികൾക്ക് ദർശിക്കാവുന്ന വിധത്തിൽ ക്രമീകരിച്ചിട്ടുണ്ട്. ദൈവാലയത്തിനടുത്തായി വലിയൊരു ആശുപത്രിയും പ്രവർത്തിക്കുന്നുണ്ട്. രോഗികൾക്കും വേദനയനുഭവിക്കുന്നവർക്കും ഇത് ഒരു ആശ്വാസകേന്ദ്രമാണ്.

മറ്റൊരു സവിശേഷത പെരഗ്രിന്റെ ഭൗതികശരീരത്തെ സംബന്ധിച്ചതാണ്. അഞ്ഞൂറ് വർഷങ്ങൾക്കുള്ളിൽ ശരീരത്തിന് ചില മാറ്റങ്ങളൊക്കെ സംഭവിച്ചിട്ടുണ്ടെങ്കിലും അത്ഭുതകരമായി സുഖപ്പെട്ട അദ്ദേഹത്തിന്റെ കാലിന് മാത്രം യാതൊരു വ്യത്യാസവുമില്ല. ചില്ലുകൊണ്ടുണ്ടാക്കിയ ഒരു പെട്ടിയിൽ സൂക്ഷിച്ചിരിക്കുന്ന അദ്ദേഹത്തിന്റെ ഭൗതികശരീരത്തിൽ തൊട്ടു പ്രാർത്ഥിക്കുന്ന അനേകർക്ക് രോഗസൗഖ്യവും ആത്മീയ അനുഗ്രഹങ്ങളും ലഭിക്കുന്നു.

ക്യാൻസർ രോഗികളുടെ മദ്ധ്യസ്ഥനായ വിശുദ്ധ പെരഗ്രിനെ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.